# ഫീൽഡ് വിസിറ്റ് റിപ്പോർട്ട്

**സി.ഡി.എസ്സിന്റെ പേര് : ഇട്ടിവ (കൊല്ലം ജില്ല)**

സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി ജസീന, മെമ്പർ സെക്രട്ടറിയും പഞ്ചായത്ത് അസി. സെക്രട്ടറിയുമായ ശ്രീമതി സബിത, അക്കൗണ്ടന്റ് ശ്രീമതി ജിനു, ഉപസമിതി അധ്യക്ഷൻമാർ, എന്നിവരുടെ ടീമുമായി ചർച്ച നടത്തുകയു ണ്ടായി. ചെയർപേഴ്സൺ സി.ഡി.എസ്സിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും പദ്ധതികളെ പ്പറ്റിയും വിശദീകരിക്കുകയും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു കൺസ്ട്ര ക്ഷൻ ടീം ഉള്ളതായി അറിയിക്കുകയും ചെയ്തു.

**ജനറൽ അയൽക്കൂട്ടം**

അയൽക്കൂട്ടം പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി പ്രവർത്തനങ്ങൾ വിശദീകരിച്ചു. അംഗങ്ങൾക്കെല്ലാം വളരെ പ്രയോജന പ്പെടുന്ന രീതിയിൽ ലോൺ ലഭ്യമാക്കുകയും ആയത് കൃത്യമായി തിരിച്ചടവ് വരു ത്തുന്നുമുണ്ട്. രജിസ്റ്ററുകളെല്ലാം കൃത്യമായി സൂക്ഷിക്കുന്നുണ്ട്. വളരെ കാര്യക്ഷ മമായി പ്രവർത്തിക്കുന്ന ഒരു അയൽക്കൂട്ടമാണിത്.

**സ്പെഷ്യൽ അയൽക്കൂട്ടം**

ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ അയൽക്കൂട്ടം.
പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. ബഡ്സ് സ്കൂൾ വളരെ വലിയ അനുഗ്രഹമാണെന്ന് അവർ ഓരോരുത്തരും പ്രത്യേകം അറിയിക്കുകയു ണ്ടായി. ഭിന്നശേഷിക്കാരായ കുട്ടികൾ പേപ്പർ പേന നിർമ്മാണം പോലുള്ള സംരം ഭങ്ങളിൽ ഏർപ്പെടുന്നുണ്ടെങ്കിലും ആയത് നഷ്ടത്തിലാണ് മുന്നോട്ടു പോകുന്നതെ ന്ന് കമ്മിറ്റി വിലയിരുത്തി.

**ആശ്രയ**

ആശ്രയ ഗുണഭോക്താവിന് വീട് മെയിന്റനൻസിനുള്ള തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിഞ്ഞതായി അറിയിക്കുകയുണ്ടായി.

**എം.ഇ. യൂണിറ്റ് (ഫ്ളവർ മിൽ & കറി പൗഡർ യൂണിറ്റ്)**

മൂന്ന് അംഗങ്ങൾ ചേർന്ന് ആരംഭിച്ച ഈ യൂണിറ്റ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. വളരെ വൃത്തിയോടും, കാര്യക്ഷമമായും പ്രവർത്തിക്കുന്ന ടി യൂണിറ്റിന് മെഷീൻ വാങ്ങിയ ഇനത്തിലുള്ള സബ്സിഡി ലഭ്യമായിട്ടില്ലെന്നും, ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

**ബഡ്സ് സ്കൂൾ**

വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന 32 കുട്ടികളുള്ള ബഡ്സ് സ്കൂളിൽ ഒരു ഫിസിയോതെറാപ്പി യൂണിറ്റും ഉണ്ട്. കുട്ടികൾക്ക് പേപ്പർ പേന നിർമ്മാണത്തിലും തയ്യലിലും പരിശീലനം നൽകുന്നുണ്ട്.

**പകൽ വീട്**

പകൽവീട് അംഗങ്ങൾക്കു വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഇവിടേയ്ക്കാവശ്യമായ ഭക്ഷണം തയ്യാറാക്കി നൽകുന്നത് കുടുംബശ്രീ യൂണിറ്റുകളാണ്.

**ജെ.എൽ.ജി.**

മൂന്ന് അംഗങ്ങൾ ചേർന്ന് രണ്ടര ഏക്കറോളം ഭൂമിയിൽ (സ്വന്തമായിട്ടുള്ളതും പാട്ടത്തിനെടുത്തതും) മരച്ചീനി, ഏത്തവാഴ, റോബസ്റ്റ്, പാളയങ്കോടൻ, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്നുണ്ട്. മൊത്തമായി വിളകൾ വാങ്ങാൻ ആളുകൾ ലഭ്യമായതിനാൽ സംരംഭം ലാഭത്തിലാണ്. എന്നാൽ സബ്സിഡികൾ ലഭ്യമായിട്ടി

ല്ലെന്നും, ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

**<u>അഭിപ്രായങ്ങൾ</u>**

സി.ഡി.എസ്. വഴിയുള്ള ധനസഹായങ്ങളെപ്പറ്റിയും ഏതൊക്കെ സംരംഭങ്ങൾ ആരംഭിക്കാം എന്നതിനെപ്പറ്റിയും അയൽക്കൂട്ട അംഗങ്ങൾക്ക് വ്യക്തമായ ധാരണയില്ല. ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

സരിത എസ്.
ഒ.എസ്.എസ്.